LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ വില്ലേജുകൾ

145 (3893) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വില്ലേജുകളുടെയും ഗ്രൂപ്പ് വില്ലേജുകളുടെയും കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) വില്ലേജുകൾ - 83

ഗ്രൂപ്പ് വില്ലേജുകൾ - 30

(ബി) പുതിയ വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 30 വില്ലേജുകൾ പുതുതായി രൂപീകരിച്ചു. ആയതിൽ കാസർഗോഡ് ജില്ലയിലെ വലിയപറമ്പ വില്ലേജും ഉൾപ്പെടുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി പതിച്ചുനൽകാൻ നടപടി

146 (3894) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ വർഷങ്ങളായി താമസിച്ചുവരുന്ന എത്ര കുടുംബങ്ങൾക്കാണ് ഭൂമി പതിച്ചു നൽകാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന പ്രസ്തുത വിഭാഗത്തിലെ എത്ര കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി പതിച്ചുനൽകിയെന്ന് താലൂക്ക്-വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഇനിയും ഭൂമി പതിച്ചു നൽകാത്തവർക്ക് ആയത് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ വർഷങ്ങളായി താമസിച്ചുവരുന്ന 326 കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകാൻ ബാക്കിയുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ താമസിച്ചുവരുന്ന പ്രസ്തുത വിഭാഗങ്ങളിലെ 287 കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്.

കാസർഗോഡ് താലൂക്ക്	-	14
ഹോസ്ദുർഗ്ഗ് താലൂക്ക്	-	96
മഞ്ചേശ്വരം താലൂക്ക്	-	4
വെള്ളരിക്കുണ്ട് താലൂക്ക്	-	173
ആകെ		287

(സി) അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റാന്നിയിൽ പട്ടയ വിതരണം

147 (3895) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ ചൂരക്കുഴി അലിമുക്കിൽ എത്ര കുടുംബങ്ങൾക്കാണ് പട്ടയം ലഭിക്കാനുള്ളത് ; പട്ടയം നൽകുന്നതിനായി സംയുക്ത പരിശോധന എന്നാണ് നടത്തിയത് ; ഇപ്പോൾ ഇവിടെ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് വീണ്ടും സർവ്വേ പരിശോധനകൾ നടത്തിയിട്ടുണ്ടോ ; എന്ത് പരിശോധനയാണ് നടത്തിവരുന്നത് ; ഇതിനായി പ്രത്യേക സർവ്വേ ടീമിനെ നിയോഗിച്ചിട്ടുണ്ടോ ; പ്രത്യേക സർവ്വേ ടീം പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത് ; ഇതിന്മേൽ ഇനി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത് ; എന്നത്തേക്ക് ഇവർക്ക് പട്ടയം നൽകാൻ കഴിയുമെന്ന് അറിയിക്കുമോ ; ഇത് സംബന്ധിച്ച് ഫയൽ നമ്പർ ലഭ്യമാക്കാമോ ; ഇപ്പോൾ ഫയൽ ആരുടെ പക്കലാണുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) വിവിധ സഭകളുടെ ശ്മശാനം, ചർച്ച്, പൗരസമിതി, AKCHMS, അഗ്രോസർവ്വീസ് സെന്റർ, അംഗൻവാടി എന്നിങ്ങനെ 11 മറ്റ് കൈവശങ്ങളുൾപ്പെടെ 224 കൈവശങ്ങൾ നിലവിൽ പട്ടയം ലഭ്യമാക്കാനുള്ള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റാന്നി തഹസീൽദാരുടെ 11-11-2014-ലെ F1-B3-8499/99 നമ്പർ നടപടിക്രമം പ്രകാരം സർവ്വേ ടീമിനെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റ് പ്രകാരമാണ് 224 കൈവശങ്ങളുണ്ടെന്ന് തിട്ടപ്പെടുത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly